"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.**1744/2025/LSGD** തീയതി,തിരുവനന്തപുരം, **15-07-2025**

---

പരാമർശം:-
1. **09/03/2017** ലെ സ.ഉ.(സാധാ)**662/2017**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്
2. **30.11.2023** ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **LSGD/PD/45613/2023-SPL4** നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതികാരണം കൂടുതൽ കിലോമീറ്റർ വാഹനം ഓടേണ്ട സാഹചര്യം ഉണ്ടാകുകയും കൂടുതൽ ദിവസം കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ള വിതരണം നടത്തേണ്ടിവന്നതിനാൽ, ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം ചെയ്തതിനു **01/04/2017** മുതൽ **31/05/2017** വരെ **14,66,816/-** (പതിനാല് ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ്റി പതിനാറ് രൂപ) രൂപ ചെലവായിട്ടുണ്ടെന്നും **10** ലക്ഷം രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ടെന്നും ഭരണസമിതി തീരുമാനം, പ്രതിദിന ട്രിപ്പ് ഷീറ്റ്, എന്നീ അനുബന്ധ രേഖകളും സഹിതം പരാമർശം **1** ലെ സർക്കാർ ഉത്തരവിൽ അധികരിച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ **4,66,816/-** രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(2)** പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

**(2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രുക്ഷമായ പ്രദേശങ്ങളിൽ **01/04/2017** മുതൽ **31/05/2017** വരെ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് അനുവദനീയമായ **10.00** ലക്ഷം രൂപയിൽ അധികരിച്ചു ചെലവായ **4,66,816/-** (നാല് ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ്റി പതിനാറ് രൂപ) രൂപ, ചെലവ് ആധികാരികത വാഴത്തോപ്പ് ഗ്രാമപഞ്ചായത്തു സെക്രട്ടറിയും ഗ്രാമപഞ്ചായത്തും ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത

സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും, ടി തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് , ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്1/ ആഡിറ്റ്2,കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ./ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 15-07-2025 16:24:41 സെക്ഷൻ ഓഫീസർ